# Official Spokesperson's response to media queries regarding the agreement between the parties to the Yemeni conflict

June 03, 2022

---

**യെമൻ സംഘർഷത്തിലെ കക്ഷികൾ തമ്മിലുള്ള ധാരണയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ജൂൺ 03, 2022

യെമൻ സംഘർഷത്തിലെ കക്ഷികൾ തമ്മിലുള്ള കരാറിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

"യമൻ സംഘർഷത്തിലെ കക്ഷികൾ തമ്മിലുള്ള കരാർ രണ്ട് മാസത്തേക്ക് കൂടി പുതുക്കാനുള്ള ഉടമ്പടിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഈ സംഭവവികാസവും കഴിഞ്ഞ രണ്ട് മാസമായി വെടിനിർത്തൽ കാലത്ത് യെമനിൽ ഉണ്ടായ അക്രമങ്ങൾ കുറഞ്ഞതും യുഎൻ ആഭിമുഖ്യത്തിൽ സംഘർഷത്തിൽ പങ്കെടുത്ത കക്ഷികൾ തമ്മിൽ മുഖാമുഖം യോഗവും പ്രോത്സാഹനം നൽകുന്ന വസ്തുതകളാണ്.ഈ സംഭവവികാസങ്ങൾ സംഘർഷം അവസാനിപ്പിക്കുന്നതിനും യെമനിലുടനീളം സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പുനഃസ്ഥാപിക്കുന്നതിനുമായി കക്ഷികൾ തമ്മിലുള്ള കൂടുതൽ രാഷ്ട്രീയ സംഭാഷണത്തിലേക്ക് നയിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ന്യൂ ഡെൽഹി

ജൂൺ 03, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.